പറയാം, ഇന്നലെ ചർച്ചയിൽ വന്നപ്പോഴും ഒരു കാര്യം പറഞ്ഞു, കോഴിക്കോട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഒരു സ്ഥലത്ത് കളക്ടർ കയറിച്ചെന്നപ്പോൾ അവിടെയിരുന്ന് മദ്യപിക്കുന്നതായി കണ്ടു എന്നുപറഞ്ഞു, ആ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഏഴ് ആളുകളേയും സസ്പെൻഡ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള നടപടിയെടുത്തുപോയിട്ടുണ്ട്. നമ്മുടെ കനാലിന്റെ പ്രവർത്തനം നന്നാക്കിക്കൊണ്ടുപോകാനുള്ള നടപടികളെടുക്കുന്നതാണ്. സാമ്പത്തിക പ്രശ്നങ്ങളാണ് ഞങ്ങൾക്കുള്ളത്. പണത്തിന്റെ ലഭ്യതയനുസരിച്ച് മറ്റ് നടപടികളിലേക്ക് പോകുന്നതാണ്.

(12) വാനില ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ ആയിരക്കണക്കിന് വരുന്ന വാനിലകൃഷിക്കാർ ഇന്ന് കടുത്ത ആശങ്കയിലാണ്. അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായിട്ടുള്ള വില ലഭിക്കാത്ത പ്രശ്നമാണ് ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് വാനിലക്ക് ഇടക്കാലത്ത് നല്ല വിലയുണ്ടായിരുന്നു. കിലോഗ്രാമിന് നാലായിരം ഉറുപ്പികവരെ വന്നിരുന്നു. ഇന്നത് 300, 350, രൂപയായിട്ടും, ചില സ്ഥലത്ത് 275 രൂപയായിട്ടും കുറഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ കൃഷിയുടെ ഒരു പ്രത്യേകത നമ്മൾ വാണിജ്യകൃഷിയിലേക്ക് പോയതോടുകൂടി ഉൽപ്പാദിപ്പിക്കുന്ന വിളയ്ക്ക് വില നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള അവകാശം മാർക്കറ്റിൽ നിശ്ചയിക്കപ്പെടുകയാണ്. ആ മാർക്കറ്റിൽത്തന്നെ വിദേശശക്തികളും അതുപോലെയുള്ള വ്യക്തികളും ബിസിനസുകാരും വില നിശ്ചയിക്കുകയും കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം വന്നിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ ഒരു ഇടകൃഷിയെന്ന നിലയ്ക്ക് നേരിട്ടും അല്ലാതെയും വാനിലകൃഷിക്കാരായിട്ട് കേരളത്തിൽ വന്നിട്ടുണ്ട്. വിദേശ ശക്തികൾ ഈ രംഗത്ത് കടന്നു വന്നതോടെയാണ് ന്യായവില ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. അതിന്റെ പ്രോസസ്സിംഗ് കേരളത്തിൽ നടക്കുന്നില്ല. ഇടയ്ക്ക് സ്പൈസസ് ബോർഡ് പ്ളാവറേറ്റ് എന്നുപറയുന്ന ഒരു ഉൽപ്പന്നം ഉണ്ടാക്കിയിരുന്നു. ഉൽപ്പന്നത്തിന്റെ വിലയുമായിട്ട് ബന്ധപ്പെടുത്തികൊണ്ടുള്ള റാമെറ്റീരിയൽ എന്ന നിലയ്ക്ക്പോലും വാനിലയ്ക്ക് വില ലഭിക്കുന്നില്ല എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഈ പ്രശ്നം സംബന്ധിച്ച് വാണിജ്യ വകുപ്പുമന്ത്രി ശ്രീ. കമൽനാഥ് പാർലമെന്റ് മെംപർമാർ ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം ഡൽഹിയിൽ വിളിച്ചുച്ചേർത്തിരുന്നു. അമേരിക്ക കേന്ദ്രീകരിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഐ.എഫ്.എഫ്., ഡ്രിമിറ്റ അതുപോലെ എ.വി.റ്റി. തുടങ്ങിയ കമ്പനികൾ വലിയ തോതിൽ ഇറക്കുമതി ചെയ്ത് ഇതിന്റെ പ്രോസസിംഗ് നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ അവർക്കാണ് വലിയ തോതിൽ ലാഭം പോകുന്നത്. ഒരു കിലോയ്ക്ക് 17,000 രൂപവരെ മെച്ചമുള്ള അവസ്ഥ വരുന്നുണ്ട്. ആ വില കേരളത്തിലെ വാനില കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ രണ്ടു മൂന്ന് കാര്യങ്ങൾ കേരള ഗവണ്മെന്റ് ഇടപെട്ട് ചെയ്യണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. മിനിമം വില നിശ്ചയിക്കുന്നതിന് ഉറപ്പുണ്ടാകണം. സ്പൈസസ് ബോർഡ് മുൻകൈ എടുത്ത് ഇതിന്റെ പ്രൊക്യൂവർമെന്റിന് ആവശ്യമായിട്ടുള്ള ഏർപ്പാടുകൾ ചെയ്യണം. ആരെങ്കിലും വില നിശ്ചയിക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് കർഷകരെ തള്ളിവിടരുത്. അതുപോലെതന്നെ ദേശീയ കാർഷിക വില നിർണ്ണയ നയത്തിന്റെ കീഴിൽ വാനിലയെക്കൂടി ഉൾപ്പെടുത്താനാവശ്യമായ പ്രായോഗികമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം. സ്പൈസസ് ബോർഡിനെ സംബന്ധിച്ചിടത്തോളം ഉയർന്നുവന്നിട്ടുള്ള ആക്ഷേപം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. കേന്ദ്രം, നേരത്തെ പറഞ്ഞിട്ടുള്ള മൾട്ടി നാഷണൽ കമ്പനികൾക്കുവേണ്ടിയാണ് നിൽക്കുന്നത്. കേരളത്തിലെ വാനില കർഷകർക്കുവേണ്ടി നിലകൊള്ളേണ്ട ആളുകൾ മൾട്ടി നാഷണൽ കമ്പനികൾക്കുവേണ്ടി നിലകൊള്ളുന്ന അവസ്ഥ മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ, വാനില വിപണിയിൽ പ്രതിസന്ധിയുണ്ട്. കഴിഞ്ഞ സീസണിൽ ഒരു കിലോ ഗ്രാമിന് 4,000 രൂപയൊന്നും വിലയില്ലായിരുന്നു. 2,300 രൂപവരെ ഉണ്ടായിരുന്നു. ഇന്നിപ്പോൾ വില 180 രൂപ മുതൽ 290 രൂപ വരെയാണ്. സംസ്ക്കരിച്ച ബീൻസ് എടുക്കാൻ കച്ചവടക്കാർ തയ്യാറാകാതെ വന്നിരിക്കുകയാണ്. കേരളത്തിൽ കൃഷി ചെയ്യുന്ന വാനിലയ്ക്ക് ഗുണമേൻമ കുറവാണെന്ന പ്രചരണമുണ്ട്. അത് അൽപം നേരുമാണ്. ബീൻസ് സംസ്ക്കരിച്ച് (വാനില) സൂക്ഷിച്ചു വച്ചാൽ വില ഉയരുന്ന ഘട്ടത്തിൽ വിൽക്കാൻ സാധിക്കും. പക്ഷേ, സംസ്ക്കരണ യൂണിറ്റുകൾ കുറവാണ്. ആഭ്യന്തര വിപണി ശക്തമാക്കിയാലേ ഗുണമേൻമയുള്ള വാനില ഉൽപാദിപ്പിച്ച് ഈ പ്രതികൂലം സാഹചര്യം അതിജീവിക്കാൻ കഴിയൂ. വാനിലയുടെ മാർക്കറ്റ് വില ക്രമാതീതമായി കുറഞ്ഞപ്പോൾ പല കർഷക സംഘടനകളും ചേർന്ന് വാനില സംഭരിക്കുന്നതിന് 'വാണിക്കോ എറണാകുളം' എന്ന പേരിൽ ഒരു രജിസ്റ്റേർഡ് സൊസൈറ്റി എറണാകുളത്ത് ആരംഭിച്ചു. ഈ സൊസൈറ്റിയിൽ കേരളത്തിലെ വാനില കൃഷിക്കാർ തത്ക്കാലം വാനില കൊടുക്കുന്നതാണ്. ഗവണ്മെന്റ് ഇതുവരെ വാനില കൃഷിയെ സംബന്ധിച്ച

പ്രൊക്യുവർമെന്റ് ഒന്നും ആലോചിച്ചിട്ടില്ല. ആലോചിക്കാമെന്ന് മാത്രമേ പറയുന്നുള്ളൂ. സ്പൈസസ് ബോർഡിനേയും മറ്റുബന്ധപ്പെട്ടവരെയും വിളിച്ചുകൂട്ടി എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. അല്ലാതെ പ്രൊക്യുവർമെന്റ് നടത്താമെന്ന വാഗ്ദാനം നൽകാൻ ഇപ്പോൾ സാദ്ധ്യമല്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

VI. നിയമ നിർമ്മാണകാര്യം

Mr. Chairman: Introduction and motion for reference to Subject Committee on the following bills.

(1) The National University of Advanced Legal Studies Bill, 2005

Minister for Education *(Shri E.T. Mohammed Basheer):* Sir, 2005 -ലെ The National University of Advanced Legal Studies Bill ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* The National University of Advanced Legal Studies Bill 2005 സോഷ്യൽ സർവീസസ് സംബന്ധിച്ച VI-ാംനമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly